(സി) ചെറുകിട പത്രങ്ങൾക്കും മറ്റു പ്രസിദ്ധീകരണങ്ങൾക്കും ഗവൺമെന്റ് പരസ്യം നൽകുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആയിരത്തിലധികം കോപ്പികൾ പ്രചാരമുള്ള എല്ലാ പത്രങ്ങൾക്കും പരസ്യം നൽകാൻ ഗവൺമെന്റ് നടപടി എടുക്കുമോ?

ഉത്തരം

(എ) 97 ദിനപത്രങ്ങളും, 92 വാരികകളും, 54 ദൈവാരികകളും, 553 മാസികകളും സംസ്ഥാനത്ത് പ്രസിദ്ധീകരിക്കുന്നുണ്ട്.

(ബി) പ്രസ് രജിസ്ട്രാറുടെ 1983–ലെ റിപ്പോർട്ടു പ്രകാരം സംസ്ഥാനത്തുനിന്നും പ്രസിദ്ധീകരിക്കുന്ന സർക്കുലേഷൻ ലഭ്യമായ പ്രസിദ്ധീകരണങ്ങളുടെ വിശദാംശങ്ങൾ അന്യത്ര ചേർത്തിട്ടുണ്ട്.†

(സി) ചെറുകിട പത്രങ്ങൾക്കും മറ്റു പ്രസിദ്ധീകരണങ്ങൾക്കും ഗവൺമെന്റ് പരസ്യം ലഭിക്കുന്നില്ല എന്ന പരാതി കിട്ടിയിട്ടില്ല.

(ഡി) ആയിരത്തിലധികം കോപ്പി പ്രചാരമുള്ള എല്ലാ ദിന പത്രങ്ങൾക്കും പരസ്യം നൽകത്തക്കവിധം നിലവിലുള്ള ചട്ടങ്ങളിൽ ഭേദഗതി ഗതിവരുത്തിയിട്ടുണ്ട്. അതിന്റെ ഉത്തരവ് പുറപ്പെടുവിച്ചുകഴിഞ്ഞു.

പത്രപ്രവർത്തന രംഗത്തനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ

1171 [2135] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്രപ്രവർത്തന രംഗത്ത് ഇന്നനുഭവപ്പെടുന്ന ബുദ്ധിമുട്ടുകളെപ്പറ്റി എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു ദൂരീകരിക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ എടുത്തു;

(സി) പത്രവിതരണക്കാരുടെ സമരം തീർക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇൻഡ്യൻ സ്മാൾ ന്യൂസ് പേപ്പേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) പത്രാധിപൻമാരുടെ ഒരു യോഗം വിളിച്ചുകൂട്ടി അവർ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി ചർച്ച ചെയ്തു കുറഞ്ഞത് ആയിരം കോപ്പി യെങ്കിലും സർക്കുലേഷനുള്ളതും ഒരുകൊല്ലം തുടർച്ചയായി പ്രസിദ്ധീകരിക്കുന്നതുമായ എല്ലാ ദിനപ്പത്രങ്ങൾക്കും ഗവൺമെന്റ് പരസ്യങ്ങൾ നൽകാൻ തീരുമാനിച്ചു. പത്രപ്രവർത്തകർക്ക് പരിശീലനം നൽകാൻ കേരള പ്രസ് അക്കാദമിയിൽ ഒരു ഇൻസർവ്വീസ് കോഴ്സ് ആരംഭിക്കുന്നതാണ്. കെട്ടിലും മട്ടിലും മികവ് പുലർത്തുന്ന വൻകിട–ഇടത്തരം–ചെറുകിട പത്രങ്ങൾക്ക് പ്രത്യേകം അവാർഡ് നൽകാനും തീരുമാനിച്ചിട്ടുണ്ട്.

†അനുബന്ധം 1

LIBRARY ARCHIVES Kerala Legislative Assembly

(സി) അത് പത്ര ഉടമകളും വിതരണക്കാരും തമ്മിലുള്ള പ്രശ്നമാണ്.

പാലക്കാട് ജില്ലയിലെ ശുദ്ധജല വിതരണം

1172 [2136] ശ്രീ. സി. ടി. കൃഷ്ണൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുടിവെള്ളം കൊടുക്കുന്നതിന് 1985–86 വർഷത്തിൽ പാലക്കാട് ജില്ലയിൽ എത്ര സംഖ്യ ചെലവായിട്ടുണ്ടെന്നും താലൂക്കടിസ്ഥാനത്തിൽ ചെലവഴിച്ച സംഖ്യ എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

2,76,99,429 രൂപ ചെലവായിട്ടുണ്ട്.

താലൂക്ക്	ചെലവഴിച്ച സംഖ്യ
ചിറ്റൂർ	40,75,010 രൂപ
ആലത്തൂർ	28,49,821 ,,
പാലക്കാട്	54,70,598 ,,
ഒറ്റപ്പാലം	1,27,64,000 ,,
മണ്ണാർക്കാട്	25,40,000 ,,

ഇരിങ്ങാലക്കുട ശുദ്ധജല വിതരണ പദ്ധതി

1173 [2137] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഇരിങ്ങാലക്കുട ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണ നടപടി ത്വരിതപ്പെടുത്താമോ?

ഉത്തരം

ഇരിങ്ങാലക്കുട ശുദ്ധജലവിതരണ പദ്ധതിയുടെ വിപുലീകരണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ നടന്നുകൊണ്ടിരിക്കുകയാണ്. താൽക്കാലിക വിപുലീകരണത്തിനായി കുഴൽ കിണർ കുഴിക്കാനും നടപടിയെടുത്തിട്ടുണ്ട്.

കാറളം–പടിയൂർ ശുദ്ധജല വിതരണ പദ്ധതി

1174 [2138] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യത്തിന് നിയമവും ജലസേചനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാറളം–പടിയൂർ ശുദ്ധജലവിതരണ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

ത്വരിതപ്പെടുത്താൻ നടപടി എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly